भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DY 812816

കൊല്ലവർഷം 1199 മകരമാസം 11-ാംതിയ്യതി 2024 ജനുവരി മാസം 25-ാം തിയ്യതി രണ്ടായിരത്തി ഇരുപത്തിനാല് ജനുവരി മാസം ഇരുപത്തിഅഞ്ചാം തിയ്യതി പട്ടാമ്പി താലൂക്ക് നേതിരിമംഗലം അംശം ദേശത്ത് ( പി ഒ മേലെ പട്ടാമ്പി പിൻ 679306) ശാന്തിനഗർ കോളനിയിൽ മേലെ മഠത്തിൽ കുട്ടികൃഷ്ണമേനോൻ മകൻ രാമകൃഷ്ണൻ എന്നവർ ഒന്നാം പാർട്ടിയായും, മേപ്പടി താലൂക്ക് മരുതൂർ അംശം ദേശത്ത് (പി.ഒ മരുതൂർ പിൻ 679306) കരിമ്പുള്ളി വയമ്പത്തൊടി അബ്ദുൾ റഹ് മാൻ മകൻ സ്വാലിഹ് എന്നവർ രണ്ടാം പാർട്ടിയായും എഴുതി ഒപ്പിട്ട ലൈസൻസ് കരാർ.

ഒന്നാം പാർട്ടി

രണ്ടാം പാർട്ടി

भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA DY 812817



നമ്മളിൽ ഒന്നാം പാർട്ടിക്ക് അവകാശപ്പെട്ട് യഥാർത്ഥ കൈവശം നിൽക്കുന്ന പട്ടാമ്പി നഗരസഭയിൽ തെക്കുമുറി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും അവിടെനിന്നും 9/104 എന്ന നമ്പറിട്ട കെട്ടിടമുറി **IDEAL HOLIDAYS TOURS & TRAVELS PACKAGE** എന്ന സ്ഥാപനം നടത്തുന്നതിന് വേണ്ടി ഒരു ലൈസൻസ് അനുവാദം ഇന്നേ തിയ്യതിക്ക് ഒന്നാം പാർട്ടി രണ്ടാം പാർട്ടിക്ക് ഇതിനാൽ നൽകിയിരിക്കുന്നു.

മേപ്പടി കെട്ടിട മുറിയെ സംബന്ധിച്ചിടത്തോളം ഒന്നാം പാർട്ടി ലൈസൻസറും രണ്ടാം പാർട്ടി ലൈസൻസിയും ആയിരിക്കുന്നതാണ്.

ഒന്നാം പാർട്ടി | രണ്ടാം പാർട്ടി

മേൽപ്രകാരം ഒന്നാം പാർട്ടി രണ്ടാം പാർട്ടിക്ക് അനുവദിച്ചുകൊടുത്ത ലൈസൻസ് കാലാവധി 11 മാസക്കാലത്തേക്ക് നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത കെട്ടിടത്തിന് ലൈസൻസ് ഫീയായി പ്രതിമാസം 3,000/-(മൂവ്വായിരം) ഉറുപ്പിക ഒന്നാം പാർട്ടിക്കോ ഒന്നാം പാർട്ടി നിർദ്ദേശിച്ച ആൾക്കോ അതാതു മാസം രണ്ടാം പാർട്ടി കൊടുത്തു ബോദ്ധ്യപ്പെടുത്തി രശീതി കൈപ്പറ്റേണ്ടതാണെന്ന് നിശ്ചയിച്ച് സമ്മതിച്ചിരിക്കുന്നു. ഈ ലൈസൻസ് അനുവാദത്തിന്റെയും ലൈസൻസ് ഫീ ഗഡുക്കൾ മുതലായവ വീഴ്ച കൂടാതെ രണ്ടാം പാർട്ടി ഒന്നാം പാർട്ടിക്ക് കൊടുക്കേണ്ടതിന്റെയും ഉറപ്പിനായി സെക്യൂരിറ്റി സംഖ്യയായി 15,000/- രൂപ (പതിനയ്യായിരം രൂപ) രണ്ടാം പാർട്ടി ഒന്നാം പാർട്ടിക്ക് കൊടുക്കുകയും ഒന്നാം പാർട്ടിക്ക് ടി സംഖ്യ മുഴുവനും കിട്ടി ബോദ്ധ്യപ്പെടുകയും ചെയ്തതാണെന്ന് പരസ്പരം നിശ്ചയിച്ച് സമ്മതിച്ചിരിക്കുന്നു.കെട്ടിടഭാഗത്തെ സംബന്ധിച്ച് രണ്ടാം പാർട്ടി ഉപയോഗിക്കുന്ന കറന്റ് ചാർജ്ജ് അതാത് സമയം വീഴ്ച കൂടാതെ രണ്ടാം പാർട്ടി ഒടുക്കി ഒന്നാം പാർട്ടിയെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തി ഒന്നാം പാർട്ടിക്ക് വല്ല നഷ്ട കഷ്ടങ്ങൾക്കും ഇടവന്നാൽ അവകൾക്കെല്ലാം രണ്ടാം പാർട്ടി ബാദ്ധ്യസ്ഥനുമാണ്.

ലൈസൻസ് ഫീ മേൽപ്രകാരം കൊടുക്കുവാൻ രണ്ടാം പാർട്ടി ബാദ്ധ്യസ്ഥനും അപ്രകാരം ഒരു ഗഡുസംഖ്യ കൊടുക്കുവാൻ വീഴ്ച വരുത്തിയാൽ അക്കാരണത്താൽ തന്നെ ഈ ലൈസൻസ് അനുവാദം ഒന്നാം പാർട്ടിക്ക് റദ്ദാക്കാവുന്നതാണ്.

ഒന്നാം പാർട്ടി

രണ്ടാം പാർട്ടി

കെട്ടിടമുറിയിൽ അതാത് കാലത്തെ നിയമങ്ങൾ പ്രകാരം നിരോധിക്കപ്പെട്ട വസ്തുക്കൾ സൂക്ഷിക്കുകയോ കച്ചവടം നടത്തുകയോ ചെയ്യാൻ പാടില്ലാത്തതും അപ്രകാരം ചെയ്യുന്നതായി ഒന്നാം പാർട്ടിക്ക് ബോദ്ധ്യപ്പെട്ടാൽ ഈ ലൈസൻസ് അനുവാദം പിൻവലിക്കാൻ ഒന്നാം പാർട്ടിക്ക് അവകാശമുണ്ടെന്നും അത് സംബന്ധമായ നിയമ നടപടികളുടെ പരിപൂർണ്ണഉത്തരവാദിത്വം രണ്ടാം പാർട്ടിക്കാണെന്നും ഈ ലൈസൻസ് കാലാവധിക്കുള്ളിൽ കെട്ടിടഭാഗത്തിന് രണ്ടാം പാർട്ടിയുടെ പ്രവർത്തിയാൽ വല്ല കേടുപാടുകളും വരുന്ന പക്ഷം രണ്ടാം പാർട്ടി ആയതിനുകൂടി ഉത്തരവാദിയാണെന്ന് നിശ്ചയിച്ച് സമ്മതിച്ചിരിക്കുന്നു.

രണ്ടാം പാർട്ടി മേപ്പടി കെട്ടിടമുറി ഒന്നാം പാർട്ടിക്ക് ഒഴിഞ്ഞ് കൊടുക്കുന്ന സമയം രണ്ടാം പാർട്ടി അഡ്വാൻസായി ഒന്നാം പാർട്ടിക്ക് നൽകിയ 15,000/- രൂപ (പതിനയ്യായിരം രൂപ) ഒന്നാം പാർട്ടി രണ്ടാം പാർട്ടിക്ക് ഈ ലൈസൻസ് എഗ്രിമെന്റിന്റെ കാലാവധി തീരുന്ന സമയത്ത് യാതൊരു പലിശയും കൂടാതെ മടക്കി കൊടുക്കേണ്ടതാണ്.

ഇതൊരു വാടക ഏൽപ്പനയല്ല ലൈസൻസ് അനുവാദം മാത്രമാണ് അതുകൊണ്ട് കെട്ടിടമുറിയിന്മേലുള്ള നിയമപ്രകാരമുള്ള അവകാശ കൈവശം ചെയ്യാതെ ഒന്നാം പാർട്ടിയിൽ തന്നെ നിക്ഷിപ്തമായിട്ടുള്ളതുമാണ്. ഒന്നാം പാർട്ടിക്ക് ഈ കരാറിന് സിദ്ധിച്ചിട്ടുള്ളത് അനുവാദം മാത്രമാണെന്ന കാര്യത്തിൽ രണ്ടാം പാർട്ടിക്ക് തേർച്ചയോ ചോദ്യമോ ഇല്ലാത്തതും പൂർണബോദ്ധ്യമുള്ളതുമാണ്. ഈ ലൈസൻസ് ഏർപ്പാട് കേരള ബിൽഡിംഗ് ലീസ് ആന്റ് റെന്റ് കൺട്രോൾ ആക്ടിന് ബാധകമല്ലാത്തതുമാണ്.

ഒന്നാം പാർട്ടി | രണ്ടാം പാർട്ടി

ഈ ലൈസൻസ് കാലാവധിക്കുള്ളിൽ ഒന്നാം പാർട്ടിയുടെ കെട്ടിടത്തിന്മേലുള്ള അവകാശ കൈവശത്തിനെതിരായി രണ്ടാം പാർട്ടി വല്ല പ്രവർത്തികളും ചെയ്തു എന്ന് ബോദ്ധ്യം വരുന്നതായാൽ ഒന്നാം പാർട്ടി ലൈസൻസ് അനുവാദം മറ്റൊരു കാരണവും കൂടാതെ പിൻവലിക്കുന്നതും കെട്ടിടഭാഗത്ത് നിന്ന് മേൽപറഞ്ഞ നിശ്ചയങ്ങൾ പാലിച്ച് സാധനങ്ങൾ ഒഴിവാക്കി പോകാൻ രണ്ടാം പാർട്ടി ബാദ്ധ്യസ്ഥനുമാണ്.

ഈ കരാറിന്റെ അസ്സൽ ഒന്നാം നമ്പറുകാരനും ഒപ്പിട്ട പകർപ്പ് രണ്ടാം നമ്പറുകാരനും കൈവശം വെക്കുവാനും നിശ്ചയിച്ചിരിക്കുന്നു. ഇതുപ്രകാരം നിശ്ചയിച്ചും സമ്മതിച്ചും താഴെ പറയുന്ന സാക്ഷികൾ മുമ്പാകെ നമ്മൾ ഇതിൽ ഒപ്പിട്ടിരിക്കുന്നു.

ഒന്നാം പാർട്ടി | രണ്ടാം പാർട്ടി

സാക്ഷികൾ

1. Bilaeye Thottinga thodiyil (H) Karingallathani Mannarkkad, Palakkad, Kerala 679322

2. Ansar. Pillarashiyil (H) Maruthur (PO) Pattambi, Palakkad, Kerala - 67930

Ksmart

Pattambi Municipality

Pattambi
Palakkad Dt-Kerala State 679303
0466-2212233
GST: 32AAAGP0945E1ZQ

# RECEIPT

No : R-M090500-24003695

Date: 13-06-2024

FileNo & Date:

Payer
Ramakrishnan

Ward: 9-Chorakkunnu,Door No: 104,Building ID: 50816010008711
Remitter

| Sl.no | Item | Head Of Account | Financial Year | Building Details | Period | Total |
|---|---|---|---|---|---|---|
| 1 | Receivables for Property Taxes (Current) | 4311001 | 2024-2025 | 9/104 | First Half | 477.00 |
| 2 | Government and Other Dues Payable - Library Cess Payable | 3503001 | 2024-2025 | 9/104 | First Half | 24.00 |
| 3 | Receivables for Service Cess (Current) | 4312003 | 2024-2025 | 9/104 | First Half | 48.00 |
| 4 | Receivables for Property Taxes (Current) | 4311001 | 2024-2025 | 9/104 | Second Half | 476.00 |
| 5 | Government and Other Dues Payable - Library Cess Payable | 3503001 | 2024-2025 | 9/104 | Second Half | 24.00 |
| 6 | Receivables for Service Cess (Current) | 4312003 | 2024-2025 | 9/104 | Second Half | 48.00 |

Total One Thousand Ninety Seven Only 1097.00

Mode of Payment : CASH

Bank Transaction ID / UTR :

Counter Number: 1

Name of Employee: RAHUL RAJ P, Clerk / Bill Collector

Sd

Secretary

Pattambi Municipal Office